ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഇല്ല.
(ബി) ഉണ്ട്.
(സി) ഉണ്ട്.
(ഡി) അന്വേഷണത്തിലിരിക്കുന്നു.

കുത്തകപ്പാട്ടം, നിരോധനക്കരം നിരക്കുകൾ.

* 989. [15] ശ്രീ. പി. ആർ. മാധവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്നു നിലവിലുള്ള കുത്തകപ്പാട്ടം, വൃക്ഷക്കരം, നിരോധനക്കരം നിരക്കുകൾ എന്താണു്;

(ബി) അതു് നിശ്ചയിച്ചതെന്നാണു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) കുത്തകപ്പാട്ട നിരക്കു്. ഏക്കറൊന്നിനു് പറമ്പിനു് 3 രൂപ 8 അണയും. നിലത്തിനു് 5 രൂപ 4 അണയും.

വൃക്ഷക്കരം.

		രൂ.	ണ.	പൈ.
തെങ്ങു് 1-നു്		0	8	0
കമുകു്	,,	0	2	0
പ്ലാവു്	,,	0	8	0
പന	,,	0	2	0
പുളി	,,	2	0	0
പന്ന	,,	0	5	0
മാവു്	,,	0	8	0

നിരോധനക്കരം.

അനധികൃതമായി കയ്യേറിയസ്ഥലം പുറമ്പോക്കാണെങ്കിൽ ചുമത്തുന്ന നിരോധനക്കരം, സെൻറു് ഒന്നിനു് ഒരണവച്ചുള്ള നികുതി നിരക്കിന്റെ ഇരട്ടിതമായിരിക്കുന്നതാണു്. ഓരോ കേസിലും ഇന്നതം നിശ്ചയിക്കേണ്ടതു് കളക്ടറാണു്. എന്നാൽ അതു് ഒരു കേസിലും നികുതിയുടെ പത്തിരട്ടിയിൽ കവിയാൻ പാടില്ലാത്തതാകുന്നു.

(ബി) നിലവിലുള്ള കുത്തകപ്പാട്ടനിരക്കും വൃക്ഷക്കരവും നിശ്ചയിച്ചതു് 1947 മേയ് 6-ാംതീയതി മുതലും, നിരോധനനികുതി നിശ്ചയിച്ചിട്ടുള്ളതു് 1954 ജൂൺ 7-ാംതീയതി മുതലുമാണു്.

ആശുപത്രികൾ സ്ഥാപിക്കുന്നതിനു കമ്മിറ്റി.

* 990. [16] ശ്രീ. ടി. എ. മജീദു്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആശുപത്രികൾ സ്ഥാപിക്കുന്നതു സംബന്ധിച്ചു് നിയമിതമായ റാഷനലൈസേഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly